പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2564

18.07.2011-ൽ മറുപടി പറയേണ്ടിയിരുന്നത്

# കാർഷിക സർവ്വകലാശാലയിലെ ഗവേഷണ പ്രോജക്ടുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.എം.ഷാജി<br>ശ്രീ.സി.മോയിൻകുട്ടി<br>ശ്രീ. സി.മമ്മൂട്ടി<br>ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) കാർഷിക സർവ്വകലാശാലയുടെ കീഴിൽ നടന്നു വരുന്ന ഗവേഷണ പ്രോജക്ടുകളെ സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കുമോ; | എ) കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ നടന്നു വരുന്ന ഗവേഷണ പ്രോജക്ടുകളെ സംബന്ധിച്ച വിശദവിവരം അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു. |
| ബി) കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ എത്ര ഗവേഷണ പ്രോജക്ടുകൾ പ്രസ്തുത സർവ്വകലാശാലയിൽ ഏറ്റെടുത്ത് നടത്തി പൂർത്തിയാക്കിയിട്ടുണ്ട്; അതിനായി എന്തു തുക ചെലവായിട്ടുണ്ട്; എന്തെല്ലാം നേട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ട് എന്നതിന്റെ വിശദ വിവരം വ്യക്തമാക്കുമോ; | ബി) സർവ്വകലാശാല 2000 മുതൽ ഏറ്റെടുത്ത് നടത്തി പൂർത്തീകരിച്ച ഗവേഷണ പ്രോജക്ടുകളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 2 ൽ ചേർത്തിരിക്കുന്നു.<br><br>2000 - 01 ധനകാര്യ വർഷം മുതൽ 2009 -10 വരെയുള്ള പദ്ധതി, ICAR, ബാഹ്യ ഏജൻസി പ്രോജക്ടുകൾ എന്നിവയ്ക്ക് ആകെ ചെലവായ തുക താഴെ കൊടുത്തിരിക്കുന്നു. ഈ തുകയിൽ വിജ്ഞാപനത്തിന് വേണ്ടി ചെലവഴിച്ച തുകയും ഉൾപ്പെടും. പദ്ധതി ഇനത്തിൽ ചെലവായ തുകകൾ വിദ്യാഭ്യാസം, വിജ്ഞാപനം, അടിസ്ഥാന സൗകര്യ വികസനം, ഗവേഷണം എന്നിവയ്ക്കായി ചെലവാക്കിയതാണ്. |

| Accounts of Expenditure (in Rs.) | | | |
|---|---|---|---|
| Year | Plan | ICAR | OEAP |
| 2009-10 | 321422060 | 214224940 | 199079685 |
| 2008-09 | 218508783 | 174356189 | 226485405 |
| 2007-08 | 229976424 | 119459105 | 72248464 |
| 2005-07 | 333122593 | 151321716 | 69794084 |
| 2005-06 | 292946906 | 118790602 | 67600097 |
| 2004-05 | 181521959 | 123335027 | 44054275 |
| 2003-04 | 168534468 | 103752486 | 32846672 |
| 2002-03 | 139632599 | 107186025 | 32134399 |
| 2001-02 | 144253829 | 88016248 | 24108939 |
| 2000-01 | 138393516 | 104789082 | 25085375 |

കേരള കാർഷിക സർവ്വകലാശാലയുടെ കഴിഞ്ഞ പത്തു വർഷത്തെ പ്രധാന ഗവേഷണ നേട്ടങ്ങൾ അനുബന്ധം 3-ൽ ചേർത്തിരിക്കുന്നു.

സി) തെങ്ങിൽ നിന്നും നീരയുണ്ടാക്കുന്നതിനെ സംബന്ധിച്ച് ഒരു പ്രോജക്ട് സർവ്വകലാശാല ഏറ്റെടുത്തിരുന്നോ; എങ്കിൽ അതു സംബന്ധിച്ച വിശദ വിവരം നൽകാമോ;

സി) ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ (ICAR) ധനസഹായത്തോടെ 2001 2004 കാലയളവിൽ National Agricultural Technology Project (NATP) ന്റെ ഭാഗമായി പീലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ "Standardisation of Extraction and Preservation Techniques of Coconut Palm Sap Toddy" എന്ന പേരിൽ ഡോ. എം.പി. ഗിരിധരന്റെ നേതൃത്വത്തിൽ ഒരു ഗവേഷണ പദ്ധതി നടപ്പിലാക്കിയിരുന്നു. തെങ്ങിൻ പൂങ്കുലയുടെ നീരിൽ നിന്ന് ഒരു വർഷത്തോളം കേടുകൂടാതെ സൂക്ഷിക്കാവുന്ന ലഹരി രഹിത ശീതള പാനീയവും തെങ്ങിൻ പൂങ്കുല നീരിൽ നിന്നുള്ള ശർക്കരയും, ഘനീഭവിച്ച തെങ്ങിൻ പൂങ്കുല നീരും ഉണ്ടാക്കുക എന്ന ഉദ്ദേശ ലക്ഷ്യത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കിയത്. ഈ പദ്ധതിയുടെ സാങ്കേതിക പ്രദർശനം നടത്താൻ ഡോ. എം.പി. ഗിരിധരന് കഴിയാതിരുന്നതിനാൽ പ്രസ്തുത പദ്ധതി നടത്തിപ്പിനായി ഡോ. ബി. ജയപ്രകാശ് നായിക്കിന്റെ നേതൃത്വത്തിൽ ഒരു പുതിയ ടാസ്ക് ഫോഴ്സിന് രൂപം കൊടുക്കുകയും ചെയ്തു. ഈ പദ്ധതിയുടെ സാങ്കേതിക പ്രദർശനം (Demonstration of Technology) നടത്താനുള്ള നടപടികൾ സർവ്വകലാശാലയിൽ പുരോഗമിച്ചുവരുന്നു.

ഡി) ഓരോ ഗവേഷണ വിഭാഗത്തിലും പ്രവർത്തിക്കുന്ന മേധാവികളെ സംബന്ധിച്ച് വിശദാംശം വ്യക്തമാക്കുമോ?

ഡി) കേരള കാർഷിക സർവ്വകലാശാലയിലെ വിവിധ ഗവേഷണ വിഭാഗങ്ങളുടെ ചുമതലകൾ വഹിക്കുന്നത് താഴെ പറയുന്ന ഉദ്യോഗസ്ഥരാണ് :

1. Director of Research, KAU:
   Dr. T.R. Gopalakrishnan
2. Associate Director of Research (M&E)
   Dr. Pathummalbeevi.S
3. Associate Director of Research (GA)
   : Dr.Raju.V.K
4. Associate Director of Research (Plan)
   : Dr.Sajan Kurian
5. Associate Director of Research i/c (Soil Science) : Dr.M.Subramania Iyyer
6. Associate Director of Research i/c

(AR&T) : Dr.A. Augustine

7. Officer On Special Duty(Seed): Dr.V.S.Devadas
8. Associate Director of Research i/c (RARS, Ambalavayal) Dr.M.C.Narayanankutty
9. Associate Director of Research i/c (RARS,Pattambi) Dr.I.Johnkutty
10. Associate Director of Research i/c (RARS,Pilicode): Dr.Jayaprakash Naik
11. Associate Director of Research i/c (RARS,Kumarakom) Dr.K.G.Padmakumar
12. Associate Director of Research i /c (ARS,Mannuthy) : Dr.U.Jaikumar
13. Associate Director of Research i/c (ARS,Chalakudy) : Dr.Suma Poulose
14. Associate Director of Research i/c (ARS,Thiruvalla) : Dr.P.M.Kurian
15. Associate Director of Research i/c (ARS,Anakkayam) : Dr.P.Rajendran
16. Associate Director of Research i/c (PRS,Moncompu) : Dr.Leenakumari
17. Associate Director of Research i/c (ORARS,Kayamkulam): Dr.T.N.Vilasini.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ